തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട് പി.ഒ., തിരൂർ, മലപ്പുറം - 676 502

### സംഗ്രഹം

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല - എഴുത്തച്ഛൻ പഠനസ്കൂൾ - നിലവിലെ പഠന ബോർഡ് റദ്ദാക്കി പുതിയ പഠനബോർഡ് രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## വൈസ്ചാൻസലറുടെ കാര്യാലയം

നമ്പർ: 538/2015/വി.സി. തിയതി; തിരൂർ 04.02.2022

---

പരാമർശം: 1. 27.11.2020 ലെ ഇതേ നമ്പർ സർവകലാശാലാ ഉത്തരവ്
2. 18.01.2022 ലെ എഴുത്തച്ഛൻ പഠനസ്കൂൾ ഡയറക്ടർ സമർപ്പിച്ച കത്ത്
3. 04.02.2022 ലെ കുറിപ്പ് ഫയലിലെ വൈസ് ചാൻസലറുടെ ഉത്തരവ്

### ഉത്തരവ്

ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവ് പ്രകാരം, തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിൽ പുതിയ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി പരാമർശം (1) പ്രകാരം എഴുത്തച്ഛൻ പഠനസ്കൂളിൽ പരിഭാഷാ താരതമ്യപഠനബോർഡ് രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

പരാമർശം (2) പ്രകാരം, 2022-23 അദ്ധ്യയനവർഷം എഴുത്തച്ഛൻ പഠനസ്കൂളിന്റെ കീഴിൽ ബിരുദാനന്തരബിരുദ പ്രോഗ്രാമായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന എം.എ. താരതമ്യ വിവർത്തന പഠനം എന്ന പ്രോഗ്രാമിന്റെ സിലബസ് തയ്യാറാക്കുന്നതിനായും മറ്റും ഒരു പഠനബോർഡ് രൂപീകരിക്കണമെന്ന് എഴുത്തച്ഛൻ പഠനസ്കൂൾ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2013 ലെ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല നിയമത്തിലെ III-ാം അദ്ധ്യായത്തിലെ 23-ാം വകുപ്പ് പ്രകാരം ഒരു ഫാക്കൽറ്റിയുടെ കീഴിലുള്ള ഓരോ സ്കൂളിനും ഒരു പഠനബോർഡ് ഉണ്ടായിരിക്കേണ്ടതും ഓരോ പഠനകോഴ്സിനും വേണ്ട വിശദമായ പാഠ്യപദ്ധതി ഉണ്ടാകേണ്ടതുമാണ്.

അക്കാദമിക് കൗൺസിലിന്റെ ഉപദേശപ്രകാരം നിർവാഹകസമിതിയാണ് പഠനബോർഡ് രൂപീകരിക്കേണ്ടത്. നിലവിൽ സർവകലാശാലയിൽ കാലാവധി കഴിഞ്ഞ നിർവാഹകസമിതിയുടെ പുനഃസംഘടന നടന്നിട്ടില്ല.

ഒരു സ്കൂളിന്റെ കീഴിൽ ഒരു പഠനബോർഡ് എന്ന സർവകലാശാല നിയമത്തിലെ വിവക്ഷ പ്രകാരം പുതിയ പഠനബോർഡ് രൂപീകരിക്കേണ്ട ആവശ്യം മുൻനിർത്തി, നിലവിലെ പഠനബോർഡ് റദ്ദ് ചെയ്യേണ്ടതാണ്.

മേൽവിവരിച്ച സാഹചര്യങ്ങൾ പരിഗണിച്ചുകൊണ്ട്, 2013 ലെ സർവകലാശാല നിയമത്തിലെ V-ാം അദ്ധ്യായത്തിലെ 30-ാം വകുപ്പിന്റെ 6-ാം ഉപവകുപ്പ് പ്രകാരം തന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം വിനിയോഗിച്ച് എഴുത്തച്ഛൻ പഠനസ്കൂളിന്റെ കീഴിൽ എം.എ. താരതമ്യവിവർത്തനം എന്ന ബിരുദാനന്തരബിരുദ പ്രോഗ്രാം ആരംഭിക്കുന്നതിന്റെ മുന്നോടിയായി നിലവിലെ പഠനബോർഡ് റദ്ദ് ചെയ്ത് താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി പുതിയ പഠനബോർഡ് രൂപീകരിക്കുന്നതിന് പരാമർശം (3) പ്രകാരം വൈസ് ചാൻസലർ ഉത്തരവായിട്ടുണ്ട്. ഈ നടപടി യഥാക്രമം അക്കാദമിക് കൗൺസിലിന്റെയും നിർവാഹകസമിതിയുടെയും അടുത്ത യോഗത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**എഴുത്തച്ഛൻ പഠനസ്കൂൾ പഠനബോർഡ് അംഗങ്ങൾ**

1. പ്രൊഫ. ഇ.വി. രാമകൃഷ്ണൻ
2. ഡോ. ഇ.വി. ഫാത്തിമ
3. ഡോ. കെ.എം. കൃഷ്ണൻ
4. പ്രൊഫ. എൻ. അജയകുമാർ
5. ഡോ. ശ്രീദേവി പി. അരവിന്ദ്
6. ഡോ. ദിവ്യ കെ.
7. ഡോ. നിവേദിത കളരിക്കൽ
8. ഡോ. ശ്രീബിത പി.വി.
9. പ്രൊഫ. ജാനകി ശ്രീധർ
10. ഡോ. കെ.എം. അനിൽ - ഡയറക്ടർ (സെക്രട്ടറി)

മേൽപ്രകാരം രൂപീകൃതമായ പഠനബോർഡിന്റെ കാലാവധി 2 വർഷക്കാലമായിരിക്കും. ബോർഡ് യോഗം ചേർന്ന് അംഗങ്ങൾക്കിടയിൽ നിന്നും ഒരു ചെയർമാനെ തെരഞ്ഞെടുക്കേണ്ടതാണ്. ബന്ധപ്പെട്ട സ്കൂളിന്റെ രേഖകൾ സൂക്ഷിക്കേണ്ടതും അതിന്റെ ശുപാർശകൾ ഡീനിനു സമർപ്പിക്കേണ്ടതും പഠനബോർഡിന്റെ സെക്രട്ടറിയായിരിക്കും. ഡീൻ അത് അക്കാദമിക് കൗൺസിലിന്റെ മുമ്പാകെ അവതരിപ്പിക്കാൻ ഇടയാകേണ്ടതുമാണ്.

പഠനബോർഡിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് നിയമാനുസൃതമായ യാത്ര/ദിന/ബത്തകൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. ഇതു സംബന്ധിച്ച ചെലവ് അതാതു സാമ്പത്തിക വർഷത്തെ IV 1 (5) കെ അക്കാദമിക പ്രവർത്തനങ്ങൾ എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

മേൽപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

രജിസ്ട്രാർ ഇൻ ചാർജ്

എല്ലാ അംഗങ്ങൾക്കും

പകർപ്പ്:
വി.സി. കാര്യാലയം / രജിസ്ട്രാർ കാര്യാലയം
ഫിനാൻസ് ഓഫീസർ/ പരീക്ഷാകൺട്രോളർ
ജെ.ഡി, കെ.എസ്.എ.എഡി, തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല
ഓഫീസ് രേഖ / കരുതൽ രേഖ / വെബ്സൈറ്റ്